പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2186 07.12.2015 ൽ മറുപടിക്ക്

## ബഡ്ജറ്റിൽ ഗതാഗതവകുപ്പിന് കീഴിലുള്ള പദ്ധതികൾ

| ചോദ്യം | | അന്തിമ മറുപടി | |
|---|---|---|---|
| ശ്രീ.സി.കെ സദാശിവൻ : | | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, സ്പോർട്സും, സിനിമയും വകുപ്പുമന്ത്രി) | |
| (എ) | 2013-14ലെ സംസ്ഥാന ബഡ്ജറ്റിൽ ഗതാഗത വകുപ്പിന് കീഴിൽ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന പദ്ധതികളിൽ ഇനിയും പൂർത്തിയാക്കാൻ കഴിയാത്ത പദ്ധതികൾ ഉണ്ടോ; വ്യക്തമാക്കുമോ; | (എ) | മോട്ടോർ വാഹന വകുപ്പിൽ പ്രഖ്യാപിച്ചിരുന്ന പദ്ധതികളിൽ ചെക്കുപോസ്റ്റുകളുടെ ആധുനിക വൽക്കരണം സ്ഥലത്തിന്റെ ലഭ്യതക്കുറവുമൂലം പൂർത്തിയാക്കിയിട്ടില്ല.<br>സംസ്ഥാന ജലഗതാഗത വകുപ്പിന് കീഴിൽ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന രണ്ടു പദ്ധതികൾ സൗരോർജ്ജ ബോട്ടുകൾ സർവ്വീസിൽ ഉപയോഗിക്കൽ, പരിസ്ഥിതി മലിനീകരണം തടയുന്നതിന് എല്ലാ ബോട്ടുകളിലും കെമിക്കൽ ടോയ്‌ലറ്റുകൾ സ്ഥാപിക്കൽ എന്നിവയാണ് രണ്ടു പദ്ധതികളും സമയബന്ധിതമായി തന്നെ ആരംഭിച്ചു. സൗരോർജ്ജ ബോട്ടിന്റെ നിർമ്മാണം അന്തിമഘട്ടത്തിലാണ്.<br>തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള വികസനത്തിനായി ഏറ്റെടുത്തു നൽകേണ്ട 120 ഏക്കർ ഭൂമിയിൽ 82 ഏക്കർ ഭൂമി കൂടി ഏറ്റെടുത്ത് നൽകേണ്ടതായിട്ടുണ്ട്. |

(ബി) പ്രസ്തുത ബഡ്ജറ്റിൽ വകുപ്പിന് കീഴിലുള്ള പദ്ധതികൾക്ക് ഓരോന്നിനുമായി വകയിരുത്തപ്പെട്ടതും അനുവദിക്കപ്പെട്ടതും ട്രഷറിയിൽ നിന്നും പിൻവലിക്കാതെ അവശേഷിച്ചതുമായ തുകകൾ എത്ര;

(ബി)

**മോട്ടോർ വാഹന വകുപ്പ്**

മോട്ടോർ വാഹന വകുപ്പിന് കീഴിലുള്ള പദ്ധതികൾക്ക് ഓരോന്നിനുമായി വകയിരുത്തപ്പെട്ടതും അനുവദിക്കപ്പെട്ടതുമായ തുകയുടെ വിവരങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.

**ജലഗതാഗത വകുപ്പ്**

ജലഗതാഗത വകുപ്പിന്റെ 4 പദ്ധതി ശീർഷകങ്ങളിലായി അനുവദിക്കപ്പെട്ട 725 ലക്ഷം രൂപയിൽ 556.77 ലക്ഷം രൂപ ചെലവഴിച്ചു. ട്രഷറിയിൽ നിന്നും പിൻവലിക്കാതെ, ടി കാലയളവിൽ ഒരു തുകയും അവശേഷിച്ചിട്ടില്ല.

**കെ.എസ്.ആർ.ടി.സി**

പദ്ധതി വിഹിതമായി **KSRTC**യ്ക്ക് 59 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. ടി തുക പൂർണ്ണമായും ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. പദ്ധതികളെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | തുക (കോടിയിൽ) |
|---|---|
| **KSRTC** വർക്ക്ഷോപ്പ് നവീകരണവും അടിസ്ഥാനസൗകര്യ വികസനവും | 12.50 |
| സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം & ഇ-ഗവേണൻസ് | 10.00 |
| ആഫീസർമാരുൾപ്പെടെയുള്ള ജീവനക്കാർക്ക് പരിശീലനം | 1.50 |
| വാഹനവ്യൂഹങ്ങളുടെ നവീകരണം | 35.00 |
| ആകെ | 59.00 |

**കൊച്ചി മെട്രോ റയിൽ പദ്ധതി**

വകയിരുത്തിയ തുകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു. തുക കോടിയിൽ

| ശീർഷകം | വകയിരുത്തിയ തുക |
|---|---|
| ഓഹരി (5075-60-190-96) | 105.00 |
| കീഴ്കടം- സ്ഥലമെടുപ്പ് (5075-60-800-83) | 209.25 |
| തയ്യാറെടുപ്പ് പ്രവർത്തികൾ (3075-60-800-96) | 00.00 |
| ആകെ | 314.25 |
| ചെലവഴിച്ച തുക | 314.25 |
| അവശേഷിച്ച തുക | 00.00 |

| | | | |
|---|---|---|---|
| | | | <u>സബർബൻ റയിൽ പദ്ധതി</u><br>മുംബൈ റെയിൽ വികാസ് കോർപ്പറേഷന് വിശദ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിനായി 2,39,62,000 രൂപ രണ്ടാം ഗഡുവായി നൽകിയിട്ടുണ്ട്. ട്രഷറിയിൽ നിന്നും പിൻവലിക്കാതെ തുകയൊന്നും അവശേഷിക്കുന്നില്ല.<br><u>തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള വികസനം</u><br>തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്നതിനും അനുബന്ധ ചെലവുകൾക്കുമായുള്ള ഫണ്ട് 7053-02-190-99-Loans to Triads എന്ന വായ്പാ ശീർഷ കത്തിൽ അനുവദിക്കുന്നത്. ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ കേസുകളിൽ കോടതി വിധി പ്രകാരമുള്ള അധിക നഷ്ടപരിഹാര തുക നൽകുന്നതിലേയ്ക്കായി 2013 -14 വർഷത്തിൽ 3,05,00,000/- രൂപ അനുവദിച്ചു. മുഴുവൻ തുകയും ലാന്റ് അക്വസിഷൻ ഓഫീസർക്ക് കൈമാറിയി ട്ടുണ്ട്.<br><u>കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള പദ്ധതി</u><br>കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള പദ്ധതിക്ക് 1.03 ലക്ഷം രൂപ വകയിരുത്തിയിരുന്നെങ്കിലും തുക അനുവദിച്ചിരുന്നില്ല. |

| | | | |
|---|---|---|---|
| (സി) | തുടർന്നുള്ള ബഡ്ജറ്റുകളിൽ തുക വകയിരുത്തപ്പെട്ട പദ്ധതികളുണ്ടോ; എങ്കിൽ ഓരോന്നിനും വകയിരുത്തിയിരുന്ന തുക, അനുവദിച്ച തുക, പിൻവലിക്കാതെ അവശേഷിച്ച തുക എന്നിവ തരം തിരിച്ച് വ്യക്തമാക്കുമോ? | (സി) | മോട്ടോർ വാഹന വകുപ്പിന് സംബന്ധിച്ച വിവരം അനുബന്ധം 2 ആയി ചേർക്കുന്നു. |

സംസ്ഥാന ജലഗതാഗത വകുപ്പുമായി ബന്ധപ്പെട്ട് തുടർന്നുള്ള ബഡ്ജറ്റുകളിൽ ഓരോ പദ്ധതിക്കും പ്രത്യേകമായി തുക വകയിരുത്തിയിരുന്നില്ല. മറിച്ച് നാല് പദ്ധതി ശീർഷകങ്ങളിലായി തുക വകയിരുത്തി വരുന്നു. 2014-15 വർഷത്തിലെ പദ്ധതി വിഹിതം 760 ലക്ഷം രൂപയായിരുന്നു. ആയതിൽ 452.17 ലക്ഷം രൂപ ചെലവഴിച്ചു.

2014-15 വർഷത്തെ ബഡ്ജറ്റിൽ കെ.എസ്.ആർ.ടി.സി ക്ക് പദ്ധതിവിഹിതമായി 65.42 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. ടി തുക പൂർണ്ണമായും പദ്ധതി പ്രവർത്തനത്തിനായി **KSRTC** ഉപയോഗിച്ചിട്ടുണ്ട്. പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | തുക (കോടിയിൽ) |
|---|---|
| **KSRTC** വർക്ക്ഷോപ്പ് നവീകരണവും അടിസ്ഥാനസൗകര്യ വികസനവും | 17.32 |
| സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം & ഇ-ഗവേണൻസ് | 10.30 |
| ആഫീസർമാരുൾപ്പെടെയുള്ള ജീവനക്കാർക്ക് പരിശീലനം | 1.50 |
| വാഹനവ്യൂഹങ്ങളുടെ നവീകരണം | 36.30 |
| ആകെ | 65.42 |

കൊച്ചി മെട്രോയ്ക്ക് വകയിരുത്തിയ തുകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു. തുക കോടിയിൽ

| വകയിരുത്തിയ തുക | 2014-15 |
|---|---|
| ഓഹരി (5075-60-190-96) | 150.00 |
| കീഴ്കടം- സ്ഥലമെടുപ്പ് (5075-60-800-83) | 97.005 |
| തയ്യാറെടുപ്പ് പ്രവർത്തികൾ (3075-60-800-96) | 56.705 |
| ആകെ | 303.71 |

| | |
|---|---|
| ചെലവഴിച്ച തുക | 303.705 |
| അവശേഷിച്ച തുക | 00.005 |

സബർബൻ റയിൽ പദ്ധതിയ്ക്കായി 2014-15 ബഡ്ജറ്റിൽ 1,00,000 രൂപയും ധന പുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി 5,72,72,000 രൂപ യും അനുവദിച്ചു. ആകെ 5,73,73,000 രൂപ വകയിരുത്തിയിരുന്നു. തുക പൂർണ്ണമായും പിൻവലിച്ചു.

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള വികസനത്തിനായി 2014-15 വർഷത്തിൽ 3,31,78,411/- രൂപ അനുവദിച്ചു. മുഴുവൻ തുകയും ലാന്റ് അക്വസിഷൻ ഓഫീസർക്ക് കൈമാറിയിട്ടുണ്ട്.

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള പദ്ധതിക്ക് 2014-15 ൽ ഒരു ലക്ഷം രൂപ വകയിരുത്തിയിരുന്നുവെങ്കിലും തുക അനുവദിച്ചിട്ടില്ല.

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള പ്രൊമോഷൻ സൊസൈറ്റിക്ക് 2014-15 ൽ വകയിരുത്തിയിരുന്ന മൂന്ന് ലക്ഷം രൂപയും സൊസൈറ്റിക്ക് ലഭിച്ചു.

സെക്ഷൻ ഓഫീസർ

അനുബന്ധം - I

2013-14

| കണക്ക് ശീർഷകം | വകയിരുത്തിയ തുക(ലക്ഷത്തിൽ) | അനുവദിച്ച തുക(ലക്ഷത്തിൽ) | ചിലവ്(ലക്ഷത്തിൽ) | തിരിച്ചടച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|---|
| റോഡ് സുരക്ഷാ നടപടികൾ | 700 | 794.47 | 700.72 | 93.75 |
| ഇ ഗവേർണനസ് | 25 | 25 | 6.18 | 18.82 |
| ഐ ഡി ടി ആർ | 75 | 75 | 75 | 0 |
| വാഹന പരിശോധന കേന്ദ്രങ്ങൾ | 500 | 500 | 229.44 | 270.56 |
| ചെക് പൊസ്റ്റുകളുടെ ആധുനീകവൽക്കരണം | 285 | 190.53 | 53.892 | 136.638 |
| മൊത്തം | 1585 | 1585 | 1065.23 | 519.76 |

സെക്ഷൻ ഓഫീസർ

അനുബന്ധം - II

2014-15

| കണക്ക് ശീർഷകം | വകയിരുത്തിയ തുക(ലക്ഷത്തിൽ) | അനുവദിച്ച തുക(ലക്ഷത്തിൽ) | ചിലവ്(ലക്ഷത്തിൽ) | തിരിച്ചടച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|---|
| റോഡ് സുരക്ഷാ നടപടികൾ | 2500 | 2500 | 720.74 | 1779.26 |
| ഇ ഗവേർണൻസ് | 25 | 25 | 12.4 | 12.6 |
| ഐ ഡി ടി ആർ | 200 | 200 | 200 | 0 |
| വാഹന പരിശോധന കേന്ദ്രങ്ങൾ | 750 | 750 | 360.4 | 389.6 |
| ചെക്ക് പോസ്റ്റുകളുടെ ആധുനികവൽക്കരണം | 209 | 209 | 0 | 209 |
| മൊത്തം | 3684 | 3684 | 1293.57 | 2390.43 |

സെക്ഷൻ ഓഫീസർ